# ഏകദൈവത്വം

തയാറാക്കിയത് ജലീൽ

പണ്ട് ഒരു നിരീശ്വരവാദിയായ ഭരണാധികാരി ഈശ്വരവിശ്വാസിയായ ഒരു പണ്ഡിതനെ വെല്ലുവിളിച്ചു. ദൈവം ഉണ്ടെങ്കിൽ അത് തെളിയിക്കണം എന്നായിരുന്നു നിരീശ്വരവാദിയുടെ വെല്ലുവിളി. പണ്ഡിതൻ വെല്ലുവിളി ഏറ്റെടുത്തു. നിശ്ചിത ദിവസം ഏറെ താമസിച്ചാണ് പണ്ഡിതൻ കൊട്ടാരത്തിലേക്ക് പുറപ്പെട്ടത്. താമസിച്ചെത്തിയ പണ്ഡിതനോട് അയാൾ കാരണം തിരക്കി. പണ്ഡിൻ പറഞ്ഞു: "ഞാൻ വരുന്ന വഴിയിൽ ഒരു പുഴയുണ്ട്. അവിടെ വഞ്ചിയോ വഞ്ചിക്കാരനോ ഉണ്ടായിരുന്നില്ല."

"എന്നിട്ട് നീ എന്തു ചെയ്തു?"

"ഞാൻ അവിടെ തന്നെ നിന്നു. കുറേ കഴിഞ്ഞപ്പോൾ പുഴയിലൂടെ ഒരു മരം ഒഴുകിവന്നു. അതെൻെറ നേരെ കരയിലടിഞ്ഞു. ഞാൻ നോക്കിനില്ക്കെ അത് സ്വയം ഒരു തോണിയായി രൂപാന്തരപ്പെട്ടു. ഉടനെ ഞാനതിൽ കയറിയിരുന്നു. പക്ഷേ, എന്തു ചെയ്യാൻ? എനിക്ക് അത് തുഴയാൻ അറിയില്ലായിരുന്നു. പെട്ടെന്ന് തോണി എന്നെയും കൊണ്ട് അക്കരെക്ക് സഞ്ചരിച്ചു. ഉടനെ ഞാനിങ്ങ് എത്തുകയും ചെയ്തു."

"അത് അസംബന്ധമാണ്. ഒരു നിർമാതാവിനെക്കൂടാതെ തോണി ഉണ്ടാവുകയില്ലെന്ന് തനിക്കറിയില്ലേ?" നിരീശ്വരവാദി പണ്ഡിതനോട് തിരക്കി.

"തീർച്ചയായും ഉണ്ടാകും."

"ഇല്ല. അത് അസംഭവ്യമാണ്."

"അങ്ങനെയാണ് സംഗതിയെങ്കിൽ ഇത്ര വലിയ ലോകം ഒരു നിർമാതാവിനെ ക്കൂടാതെ ഉണ്ടായി എന്നല്ലേ താങ്കളുടെ അവകാശം. അതെങ്ങനെ ശരിയാകും?"

ആ ചോദ്യം നിരീശ്വരവാദിയുടെ കണ്ണ് തുറപ്പിച്ചു.

ദൈവം ഉണ്ടോ? ദൈവത്തെ കാണാത്തതെന്ത്? തുടങ്ങിയ ചോദ്യങ്ങൾ നമുക്ക് അന്യമല്ല.

ചിത്രം ആസ്വദിക്കുന്നത് ചിത്രകാരനെ കണ്ടിട്ടല്ലല്ലോ. നാം അയാളെ തിരയാറു മില്ല. പേന ഉണ്ടെന്ന് നാം വിശ്വസിക്കുന്നത് പേനയെ കാണുന്നതു കൊണ്ടാണ്. എന്നാൽ സൂര്യനിൽ അൾട്രവയലറ്റ് രശ്മിയുണ്ടെന്ന് നാം വിശ്വസിക്കുന്നത് അത് കണ്ടിട്ടാണോ? അതും തേടി നാം നടക്കാറുമില്ല.

പ്രപഞ്ചത്തിൻെറ ഓരോ ഘടനയിലും പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിൻെറ അട യാളങ്ങളുണ്ട്. ചില സൂചനകൾ ഇവിടെ പകർത്താം. സൂക്ഷ്മവും അന്യൂനവുമായ പ്രപഞ്ചസൃഷ്ടിപ്പ്, ആസൂത്രിതമായ അതിൻെറ ഘടന, സംതുലിത സംവിധാനം, വിദഗ്ധ നിയന്ത്രണം, മികച്ച പരിപാലനം, സൃഷ്ടികൾ തമ്മിലുള്ള അറ്റുപോകാത്ത ജൈവികബന്ധം... ഈവക കാര്യങ്ങളൊന്നും യാദൃച്ഛികമാവാൻ സാധ്യതയില്ല. തീർ ച്ചയായും ഒരു ശക്തി അതിനു പിന്നിലുണ്ട്. അതേ പ്രാപഞ്ചികശക്തി തന്നെയാണ് എല്ലാറ്റിൻെറയും സ്രഷ്ടാവും നിയന്ത്രകനും. അവയിലൊന്നും അവന് തുല്യരോ പങ്കാളികളോ ഇല്ല.

ആ ശക്തിയുടെ ഇഛാനിമിത്തമാണ് പ്രപഞ്ചം; പ്രപഞ്ചത്തിൽ സംഭവിക്കുന്ന സകല കാര്യങ്ങളും അവൻെറ ഇംഗിതങ്ങൾക്ക് വിധേയമാണ്.

ഏകദൈവ വിശ്വാസത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. ആദിമനുഷ്യൻ ആദം ഏകദൈവ വിശ്വാസിയും അതിൻെറ പ്രചാരകനുമായിരുന്നു. കാലക്രമേണ അത് മാഞ്ഞുപോവുകയും ബഹുദൈവത്വപരമായ സങ്കല്പം ഉടലെടുക്കുകയും ചെയ്തു. എന്നാൽ ആ സങ്കല്പത്തിനുള്ളിൽപോലും ഏകദൈവത്വത്തിൻെറ മിന്നി ത്തിളക്കം നശിക്കാതെ നിലനിന്നിരുന്നു. അഥവാ എല്ലാം ദൈവങ്ങൾക്കും ഉപരിയായ ഒരു ദൈവം എന്നതായിരുന്നു ആ സങ്കല്പം.

ഈ സങ്കല്പങ്ങളിൽ പലതും സമൂർത്തമായിരുന്നു. ഖുർആൻെറ ആഗമനത്തോ ടെയാണ് അമൂർത്തമായ ഏകത്വവിഭാവന നിലവിൽ വന്നത്. അതാകട്ടെ, അദൃശ്യ നായ ഏകദൈവത്തെ ആരാധിക്കുക എന്നതിൽ പരിമിതമായിരുന്നു. മനുഷ്യമനസ്സിൽ വിഭാവന ചെയ്യാൻ സാധിക്കുന്നതിൽ ഉന്നത രീതി അതായിരുന്നു. പ്രസ്തുത രീതിക്ക് ഒരു ഗുണവും കൂടിയുണ്ടായിരുന്നു. അതായത്, സമൂർത്തമായ സങ്കല്പ ത്തിൽ പലപ്പോഴും മാനുഷിക ഗുണങ്ങളാണ് മുഴച്ചുകാണുക. മനുഷ്യസഹജമായ ഒട്ടേറെ ഗുണങ്ങളും ദൗർബല്യങ്ങളും സവിശേഷതകളും വികാരങ്ങളും സമൂർത്ത സങ്കല്പത്തിൽ സ്വാധീനം ചെലുത്തിയിരുന്നു. അതിനാലാണ് ഇന്ത്യയിലെയും ഗ്രീക്കിലെയും ദൈവസങ്കല്പങ്ങൾ വിഗ്രഹപൂജയിൽ അധിഷ്ഠിതമായത്. ഇതിന് വിരുദ്ധമായി അമൂർത്ത വിഭാവനയാണ് ഇസ്ലാം വളർത്തിയെടുത്തത്. മാനുഷിക വികാരത്തിൻെറ ഒരു അടയാളവും അവിടെ കാണുന്നില്ല. മൂർത്തിത്വമോ സകാരത്വ മോ അവിടെ കാണുന്നില്ല. "അവനെപ്പോലെ ഒന്നുമില്ല" എന്നു വിശ്വസിക്കാനേ മനുഷ്യന് അതിൻെറ വീക്ഷണത്തിൽ നിർവാഹമുള്ളൂ.

ദൈവസങ്കല്പങ്ങളിൽ ഏറ്റവും ഉയർന്നത് ഏകദൈവസങ്കല്പമാണ്.

എല്ലാറ്റിനും ഒരു ആദികാരണമുണ്ട്. പ്രപഞ്ചത്തിൽ നിലനില്ക്കുന്ന പരമാണവ മുതൽ വൻ ഗ്രഹങ്ങൾ വരെയുള്ള ഓരോ വസ്തുവിനു പിന്നിലും ഒരു ആദികാര ണമുണ്ട്. ഈ കാരണം കൂടാതെ വസ്തുക്കൾക്ക് ഉണ്മയുണ്ടാകുന്നില്ല. എന്നാൽ ഓരോ കാരണവും മറ്റൊരു കാരണത്തിലേക്ക്

ഉൾച്ചേർന്നു നില്ക്കുന്നതായി കാ ണാൻ സാധിക്കും. അതൊക്കെയും എത്തിച്ചേരുന്ന ഒരു ആദികാരണമുണ്ട്. അതിശ ക്തനായ ഒരു പ്രപഞ്ചശക്തി. ഈ ശക്തിയെയാണ് നാം ദൈവം കൊണ്ട് അർഥ മാക്കുന്നത്.

ഇസ്‌ലാമിൻെറ പ്രത്യേകതയാണിത്. ഒരൊറ്റ ദൈവത്തെ അംഗീകരിക്കുകയും വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും അവനെ തൻെറ ജീവിത ത്തിൻെറ സർവസ്വവുമായി കാണുകയും ചെയ്യുക. ഒരു വിശ്വാസിയുടെ ജീവിത ത്തിൻെറ അടിസ്ഥാനമത്രെ ഇത്.

ഭൗതിക ചുറ്റുപാടിലുള്ള ഏതിനെയും നമുക്ക് വിശദീകരിക്കാം. അതിനപ്പുറമുള്ള അതിഭൗതിക വസ്തുതകളെ വിലയിരുത്താനുള്ള മാനദണ്ഡം മനുഷ്യൻെറ പക്ക ലില്ല. അതിനാൽ തന്നെ അല്ലാഹുവിനെ സംബന്ധിച്ച വിശദീകരണം മനുഷ്യ ബുദ്ധിയെ സംബന്ധിച്ചിടത്തോളം അപ്രാപ്യമാണ്.

സാക്ഷാൽ പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിൻെറ ഏകത്വവും ദിവ്യഗുണങ്ങൾക്കും ഈ പ്രപഞ്ചം സാക്ഷിയാണ്. അവനാണ് സ്രഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കുടയവൻ. അത്ഭുകതരമാണ് അവൻെറ സൃഷ്ടിപ്പ്. ലോകത്തുള്ള കോടാനുകോടി മനുഷ്യർക്ക് വ്യത്യസ്ത ഗന്ധവും വ്യത്യസ്ത കൈവിരൽത്തുമ്പുകളും നേത്രനാഡികളും നൽ കാൻ കഴിവുള്ളവനാണവൻ. ഒരേ മഴയിൽനിന്ന് അനേക തരം വിത്തുകളെ മുളപ്പി ക്കുന്നവനും അവൻ തന്നെ.

പ്രപഞ്ചത്തിലെ ഏറ്റവും ചെറിയ കണമായ ആറ്റത്തിലെ ഇലക്ട്രോണും പ്രോട്ടോ ണും ന്യൂട്രോണും മീസോണും പോസിട്രോണുമെല്ലാം തമ്മിലുള്ള പാരസ്പര്യം പോലെ പ്രപഞ്ചവസ്തുക്കൾ തമ്മിലും അറ്റുപോകാത്ത ഒരു ബന്ധമുണ്ട്. ഈ പാര സ്പര്യമാണ് പ്രപഞ്ചത്തെ സംതുലിതമായി നിലനിറുത്തുന്നത്. ഏകനായ ഒരു സ്രഷ്ടാവിനല്ലാതെ അത് സാധ്യമല്ല. ഒന്നിലധികം ഈശ്വരന്മാർ പ്രപഞ്ചത്തിന് അധി പതികളായി ഉണ്ടായിരുന്നെങ്കിൽ പ്രപഞ്ചം മുമ്പെങ്ങാനോ നശിച്ചിട്ടുണ്ടാകുമായിരുന്നു.

പലതിനും ദിവ്യത്വം ആരോപിക്കുന്ന പ്രവണത കാണാറുണ്ട്. അത് ശരിയല്ല. കാരണം, ദൈവം പ്രപഞ്ചത്തിലെ സൃഷ്ടികളോട് ഉപമിക്കാവുന്ന ഒരു ശക്തിയുടെ പേരല്ല. സൃഷ്ടികൾക്ക് ദിവ്യത്വം ആരോപിക്കുന്നതും ശരിയല്ല. അവയൊക്കെ ദൈവത്തിൻെറ സൃഷ്ടിമഹാത്മ്യത്തിൻെറ അടയാളങ്ങൾ മാത്രമാണ്. അവയൊന്നും സർവശക്തനായ ദൈവത്തെപ്പോലെ ശക്തിയുള്ളവരോ സർവജ്ഞരോ അല്ല. അതിനാൽ ആ രീതിയിലുള്ള അബദ്ധസങ്കല്പങ്ങളിൽനിന്ന് നാം മുക്തരാവുകയും ജന്മം നല്കി അനുഗ്രഹിച്ച ഏകദൈവത്തെ കണ്ടെത്തി അവന് കീഴ്‌വണങ്ങി ജീവി ക്കുകയുമാണ് ചെയ്യേണ്ടത്.

അവൻ ഏകനും അതുല്യനുമാണ്. മക്കളോ പങ്കാളികളോ സമന്മാരോ അവനില്ല. അവൻേറതു മാത്രമാണ് പരമമായി പരമാധികാരം മുഴുവൻ. കാരണം. സൃഷ്ടിച്ചവ നാണല്ലോ സൃഷ്ടിയുടെ മേൽ അധികാരമുള്ളവൻ. ഓരോ പ്രപഞ്ചസൃഷ്ടിയും അ വൻെറ രാജത്വവും ദൈവികതയും ശക്തിയും പരമാധികാരവും അംഗീകരിച്ചു കൊണ്ട് അവൻെറ ഏകത്വത്തിനും നാമ-ഗുണസവിശേഷകതൾക്കും സാക്ഷ്യംവഹി ക്കുന്നുണ്ട്. അവൻെറ അസ്തിത്വം മറ്റൊന്നിലും ലീനമല്ല. അവനെപ്പോലെ ആരുമില്ല. അവനെക്കൂടാതെ ഒരു കാര്യവും ഈ പ്രപഞ്ചത്തിൽ സംഭവിക്കുന്നില്ല. രഹസ്യവും പരസ്യവും ഭാവിയും ഒരുപോലെ അറിയുന്നവൻ അവൻ മാത്രമാണ്. എല്ലാം കാണു ന്നവനും അവൻ തന്നെ. അവൻ അതുല്യനാണ്. ഓരോ ജീവിയും അവൻെറ മാത്രം ആശ്രയത്തിലാണ് ജീവിക്കുന്നത്. എന്നാൽ അവനാകട്ടെ ആരുടെയും ആശ്രയം ആ ശ്യമില്ലാത്തവനാണ്.

സർവ കഴിവുകൾക്കും ഗുണങ്ങൾക്കും ഉടമയായ ശക്തനാണവൻ. അതിൽ ഒന്നിൽപോലും അവന് തുല്യതയില്ല. സ്രഷ്ടാവ്, ഉടമസ്ഥൻ, പരിപാലകൻ, നിയ ന്താവ്, ആരാധ്യൻ, കാരുണ്യവാൻ, യുക്തിജ്ഞൻ, സകലജ്ഞൻ... ഇങ്ങനെ പോകു ന്നു അവൻെറ ഗുണങ്ങൾ. ഇതൊന്നും അവകാശപ്പെടാവുന്ന മറ്റാരും ഈ പ്രപഞ്ച ത്തിലില്ല; ഉണ്ടാകാവതുമല്ല. കാരണം, ദൈവമല്ലാത്ത ആരും ജീവിപ്പിക്കുകയോ മരിപ്പിക്കുകയോ ചെയ്യുന്നില്ല. മഴ വർഷിപ്പിക്കുന്നതും ജലം തരുന്നതും അവനാണ്. എല്ലാം അവൻെറ നിയന്ത്രണത്തിനു വിധേയം.

ഒരു നിശ്ചിതഘട്ടം കഴിഞ്ഞാൽ എല്ലാ സൃഷ്ടികളും നശിക്കും. നശിക്കുന്ന തൊന്നും ദൈവമല്ല. സ്രഷ്ടാവായ തമ്പുരാൻ മാത്രമാണ് നാശരഹിതനായി അവശേഷിക്കുന്നവൻ. ഉറക്കമോ മയക്കമോ അശ്രദ്ധയോ അവനെ ബാധിക്കുന്നില്ല.

അവൻ അജയ്യനാണ്. സൃഷ്ടികളിൽനിന്ന് തീർത്തും നിരാശ്രയനുമാണ്. അവനെ ആരും സൃഷ്ടിച്ചിട്ടില്ല. അവന് സന്താനങ്ങളുമില്ല. പ്രപഞ്ചത്തിലാരും അവന് സമന്മാ രായോ തുണകളായോ ഇല്ല.

അവനു മാത്രമാണ് യഥാർഥത്തിൽ ആരാധനകളർപ്പിക്കേണ്ടത്. അവനോട് മാത്രമാണ് പ്രാർഥിക്കേണ്ടത്. അവനു പകരം മറ്റാരെയെങ്കിലും ദിവ്യത്വത്തിനുടമ കളായി സങ്കല്പിക്കുന്നതും അത്തരക്കാരോട് പ്രാർഥിക്കുന്നതും മഹാ അപരാധ മാണ്. ഒരു കല്ല് മറ്റൊരു കല്ലിനെ ആരാധിക്കാത്തതുപോലെ ഒരു മരം മറ്റൊരു മര ത്തെ ആരാധിക്കാത്തതു പോലെ മനുഷ്യൻ മനുഷ്യനെയോ അവനെക്കാൾ താഴ്ന്ന തിനെയോ ആരാധിക്കാൻ പാടില്ല. അതുകൊണ്ടാണ് ലോകത്താഗതരായ എല്ലാ പ്രവാചകന്മാരും തങ്ങളുടെ ജനതകളെ ഏകദൈവത്തിന് മാത്രം കീഴ്‌വണങ്ങി ജീവി തം നയിക്കാൻ ആവശ്യപ്പെട്ടത്.

അതിനാൽ അല്ലാഹുവിനെ മാത്രം മഹത്വമുള്ളവനും യജമാനനും അധികാര സ്ഥനും രാജാവും വിധികർത്താവുമായി സമ്മതിക്കുക. അവനൊഴികെ മറ്റാരുടെയും ആജ്ഞകളെ അനുഗമിക്കാതിരിക്കുക. അവൻെറ നിയമങ്ങൾക്കുമാത്രം വിധേയ നാവുക. അവൻെറ മാത്രം പ്രജയായി ജീവിക്കുക. വിചാരണ ചെയ്യുന്നവനും വിധി കല്പിക്കുന്നവനും കർമങ്ങൾക്കനുസരിച്ച് രക്ഷാശിക്ഷകൾ നല്കുന്നവനും അവൻ മാത്രമാണെന്ന് വിശ്വസിക്കുക. അവനൊഴികെ മറ്റാരുടെയും വിചാരണയെ ഭയപ്പെ ടാതിരിക്കുക. ആരുടെയും പ്രതിഫലത്തെ ഇഛിക്കാതിരിക്കുക.

അവനാണ് സാക്ഷാൽ മഹാനും ഉടമസ്ഥനും വിധികർത്താവും. സമസ്തലോക ത്തെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സർവ ശക്തനും കരുണാനിധിയുമായ അല്ലാഹു. അവനെ മാത്രം വണങ്ങുവാനും ആരാധി ക്കുവാനുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഇതത്രെ ഏകദൈവവിശ്വാസത്തിൻെറ അടിസ്ഥാനം. ഈ വിശ്വാസം തന്നെ യാണ് ഇസ്ലാമിൻെറയും അടിസ്ഥാനം. (വിശ്വാസകാര്യങ്ങൾ നോക്കുക) ഒരാൾ ഇതിനെതിരായ സങ്കല്പങ്ങളും വിശ്വാസവും കർമവുമനുസരിച്ചാണ് ജീവിക്കുന്നതെ ങ്കിൽ അയാളുടെ വിശ്വാസം അബദ്ധജടിലവും ദൈവവിരുദ്ധവുമാണ്. കാരണം, അത് യാഥാർഥ്യവിരുദ്ധമാണ്.

ഏകദൈവ വിശ്വാസത്തിന് മൂന്ന് അടിസ്ഥാനങ്ങളുണ്ട്. അത് ലഘുവായ രീതി യിൽ പരാമാർശിക്കാം.

1. ഏകദൈവമാണ് തൻെറ രക്ഷാകർത്താവ് എന്ന് വിശ്വസിക്കുകയാണതിൽ പ്രധാ നം. അതായത്, ദൈവം തൻെറ സ്രഷ്ടാവ് ആയതോടൊപ്പം തന്നെ അവനാണ് തനിക്ക് ഭക്ഷണം നല്കുന്നതെന്നും വിശ്വസിക്കുക. അവനാണല്ലോ വസ്തവത്തിൽ ജീവൻ നല്കുന്നവനും മരിപ്പിക്കുന്നവനുമൊക്കെ. ആ നിലക്ക് തൻെറ ജീവിതത്തി ൻെറ എല്ലാം ദൈവമാണ് എന്ന അടിയുച്ച് വിശ്വസിക്കലാണ് അതുകൊണ്ട് അർഥ മാക്കുന്നത്.

2. ദൈവത്തിന് 99 സൽനാമങ്ങളുണ്ട്. പ്രസ്തുത നാമങ്ങൾ അവനു മാത്രം ബാധകമായ നാമങ്ങളാണ്. കാരുണ്യവാൻ, സകലജ്ഞൻ, യുക്തിജ്ഞൻ, ഇങ്ങനെ പോകുന്നു പ്രസ്തുത നാമങ്ങൾ. അവനുള്ള നാമങ്ങളൊക്കെ പൂർണമായതും ന്യൂന തയില്ലാത്തതമാണ്. കാരണം, അവനെപ്പോലെ ഈ പ്രപഞ്ചത്തിൽ ഒന്നുമില്ല തന്നെ. ഈ നാമങ്ങൾ ഉൾക്കൊള്ളുന്ന ഗുണങ്ങൾ അവന് മാത്രമുള്ളതാണെന്ന് സംശയ മില്ലാതെ ഒരാൾ വിശ്വസിക്കുമ്പോഴാണ് അയാളുടെ വിശ്വാസം പൂർണമാകുന്നത്. അതാകട്ടെ, അവനല്ലാതെ സൃഷ്ടികൾക്കൊന്നും വകവെച്ചുകൊടുക്കാനും പടില്ല.

3. പലരും സൗകര്യവും നാളും പരിഗണിച്ച് വിവിധ ദൈവങ്ങളെ ആരാധിക്കാറുണ്ട്, അവർക്കൊക്കെ നേർച്ചയും കഴിക്കാറുമുണ്ട്. അത് മനുഷ്യമനസ്സുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്.

ഇസ്ലാമിന് ഈ കാര്യത്തിൽ തികഞ്ഞ വീക്ഷണമുണ്ട്. അതിങ്ങനെയാണ്: ആരാ ധനകൾക്കർഹൻ യഥാർഥത്തിൽ ഏകദൈവം മാത്രമാണ്. കാരണം, അവൻ മാത്ര മാണ് സ്രഷ്ടാവ്. അതിനാൽ ആരാധനയുടെ എല്ലാ ഇനവും അവനു മാത്രമായി സമർപ്പിക്കണം. ഇതത്രെ ഇസ്ലാമിൻെറ കാഴ്ചപ്പാട്. പ്രാർഥന, സഹായാഭ്യാർഥ ന, ബലി, ഭക്തി, ബഹുമാനം, സ്നേഹം തടങ്ങിയ എല്ലാം ദൈവത്തിന് സമർപ്പി ക്കണമെന്നാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. അവനെക്കൂടാതുള്ളതെല്ലാം സൃഷ്ടിക ളാണ്. സൃഷ്ടികൾ ഒരിക്കലും സ്രഷ്ടാവിനോടൊപ്പം ആരാധിക്കപ്പെടുകയില്ല. അവൻ പറഞ്ഞതിങ്ങനെ: എൻെറ സൃഷ്ടികൾ എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ പറയുക: “ഞാൻ അടുത്തുണ്ട്. പ്രാർഥിക്കുന്നവൻ എന്നോട് പ്രാർഥിച്ചാൽ ഞാനാ പ്രാർഥനക്ക് ഉത്തരം നല്കും.”